**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
695033 തിരുവനന്തപുരം
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി 28.06.2025

# തണ്ടപ്പേർ സർട്ടിഫിക്കറ്റിന് കൈക്കൂലി:- വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് വിജിലൻസ് പിടിയിൽ.

പാലക്കാട് വാണിയംകുളം-1 വില്ലേജ് ഓഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ ഫസലിനെ തണ്ടപ്പേർ സർട്ടിഫിക്കറ്റ് നൽകുന്നതിന് 500/- രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (28.06.2025) വിജിലൻസ് കൈയ്യോടെ പിടികൂടി.

പാലക്കാട് കോതക്കുറിശ്ശി സ്വദേശിയായ പരാതിക്കാരന്റെ പിതാവിന്റെ പേരിലുള്ള 62 സെന്റ് സ്ഥലത്തിന്റെ തണ്ടപ്പേർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 09.06.2025 തിയതി വാണിയംകുളം-1 വില്ലേജ് ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. തുടർന്ന് സ്ഥലപരിശോധന നടത്തുന്നതിന് എത്താൻ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ ഫസൽ പരാതിക്കാരനെ ഫോണിൽ വിളിച്ചറിയിക്കുകയും, പരാതിക്കാരന്റെ തന്നെ വാഹനത്തിൽ പോയി സ്ഥലപരിശോധന നടത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ ഫസലിനെ വില്ലേജ് ഓഫീസിൽ തിരികെ എത്തിച്ചപ്പോൾ തണ്ടപ്പേർ സർട്ടിഫിക്കറ്റ് നൽകുന്നതിന് 1,000/-രൂപ കൈക്കൂലി നൽകണമെന്ന് ആവശ്യപ്പെട്ടു. ഇത്രയും തുക കൈവശമില്ലായെന്നറിയിച്ച പരാതിക്കാരനിൽ നിന്നും കൈയ്യിലുണ്ടായിരുന്ന 500/- രൂപ വാങ്ങിയെടുത്ത ശേഷം ബാക്കി തുക സർട്ടിഫിക്കറ്റ് ലഭിക്കുമ്പോൾ നൽകണമെന്ന് പറഞ്ഞ് ഫസൽ പരാതിക്കാരനെ തിരികെ അയച്ചു. തുടർന്ന് 24.06.2025 തിയതി പരാതിക്കാരന്റെ ബന്ധു വില്ലേജ് ഓഫീസിൽ നിന്നും സർട്ടിഫിക്കറ്റ് കൈപ്പറ്റിയ സമയം ബാക്കി 500/- രൂപ വീണ്ടും കൈക്കൂലിയായി ആവശ്യപ്പെടുകയും, ഈ തുക പരാതിക്കാരൻ നൽകുമെന്ന് പറഞ്ഞ് ബന്ധു മടങ്ങി പോകുകയും ചെയ്തിരുന്നു. തുടർന്ന് വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ ഫസൽ പരാതിക്കാരനെ ഫോണിൽ വിളിച്ച് കൈക്കൂലി തുകയായ ബാക്കി 500/- രൂപ 28.06.2025 തിയതി വാണിയംകുളം-1 വില്ലേജ് ഓഫീസിൽ കൊണ്ട് നൽകണമെന്ന് പറഞ്ഞു. കൈക്കൂലി നൽകി കാര്യം സാധിക്കാൻ താല്പര്യമില്ലാത്ത പരാതിക്കാരൻ ഈ വിവരം പാലക്കാട് വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള

വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (28.06.2025) വൈകുന്നേരം 05.00 മണിക്ക് വില്ലേജ് ഓഫീസിലെത്തിയ പരാതിക്കാരനോട് കൈക്കൂലിയായ 500/- രൂപ വില്ലേജ് ഓഫീസിന് സമീപം പാർക്ക് ചെയ്തിരുന്ന ഫസലിന്റെ സ്കൂട്ടറിന്റെ മൊബൈൽ ഫോൺ ഹോൾഡറിൽ വയ്ക്കാൻ പറയുകയും, അവിടെനിന്നും ഫസൽ കൈക്കൂലി തുക എടുക്കുന്ന സമയം വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ 1064 എന്ന നമ്പറിലോ, 8592900900 എന്ന നമ്പരിലോ, വാട്സ് ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്സ് അഭ്യർത്ഥിച്ചു.